പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T 1563** **21. 01. 2014-** ലെ മറുപടി

**നിതാഖത്ത് നിയമം മൂലം തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.കെ. വിജയൻ** | **ശ്രീ. കെ. സി. ജോസഫ്**<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നിതാഖത്ത് നിയമം മൂലം വിദേശരാജ്യങ്ങളിൽ നിന്ന് കേരളത്തിൽ തിരിച്ചെത്തിയ പ്രവാസികളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചിട്ടുണ്ടോ; | (എ) നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് 01/04/2013 മുതൽ 31/12/2013 വരെ കേരളത്തിലെ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിരുന്ന ഹെൽപ് ഡെസ്കുകളിലും നോർക്ക – റൂട്ട്സിന്റെ വെബ്സൈറ്റിൽ ഓൺലൈനിലൂടെയും ആകെ 20,835 പേർ സൗദി അറേബ്യയിൽ നിന്ന് മടങ്ങിയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇവരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പ്രസ്തുത നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) ഇത്തരത്തിൽ തിരികെയെത്തിയ മലയാളികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന ഒരു പദ്ധതിയും കൂടാതെ നിതാഖത്ത് പോലുള്ള സ്വദേശീവത്കരണ നയം മൂലം കൂടുതൽ പ്രവാസികൾ മടങ്ങിവരേണ്ട സാഹചര്യം ഉണ്ടായാൽ അവരുടെ പുനരധിവാസത്തിനായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി നൽകുന്നതിനും(പരമാവധി രണ്ട് ലക്ഷം രൂപ) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ ബാങ്ക് വായ്പകളിന്മേൽ പലിശ ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്ര സഹായം തേടാനും തീരുമാനിച്ചിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര പുനരധിവാസ പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ഘടകങ്ങളാണ്.<br><br>1. തിരികെയെത്തിയ പ്രവാസികളെ വിദേശരാജ്യങ്ങളിലേക്ക് തന്നെ തൊഴിലിനായി മടക്കി അയക്കുക.<br>2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം |

3. സ്വയം സംരംഭക സഹായ പദ്ധതി
4. സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
5. സ്വയം തൊഴിൽ / നിക്ഷേപ സംരംഭങ്ങൾ

ഇവ നടപ്പാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

- തിരികെയെത്തിയ പ്രവാസികൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിലുകൾ കണ്ടെത്തുന്നതിനായി വിദേശ രാജ്യങ്ങളിലെ പ്രമുഖ മലയാളി വ്യവസായികളുടെ യോഗം മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്ക് നോർക്കയുടെ ജോബ് പോർട്ടലിൽ പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനും അപ്രകാരം രജിസ്റ്റർ ചെയ്യുന്നവരുടെ ഒരു പ്രത്യേക ഡാറ്റാ ബേസ് തയ്യാറാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരികയാണ്.

- ഇപ്രകാരം തിരിച്ചെത്തിയവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി നോർക്ക റൂട്ട്സിന്റെയും വ്യവസായ പരിശീലന കേന്ദ്രങ്ങളുടെയും കീഴിൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് പ്രത്യേക സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.
- സി.ഐ.ഐ, ചേംബർ ഓഫ് കൊമേഴ്സ്, വ്യാപാര വ്യവസായി ഏകോപന സമിതി തുടങ്ങിയവരുമായി ചർച്ച ചെയ്ത് സംസ്ഥാനത്തിന് അകത്ത് ലഭ്യമായ തൊഴിൽ സാധ്യതകൾ വിലയിരുത്തി പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിനായി നോർക്ക റൂട്ട്സിന്റെ ജോബ് പോർട്ടലിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- സ്വയം സംരംഭക യൂണിറ്റുകൾക്ക് കേന്ദ്രസഹായത്തോടെ മൂലധന/പലിശ സബ്സിഡി ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിവരുന്നു.

- തിരികെയെത്തിയ പ്രവാസികൾ മാത്രം അംഗങ്ങളായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- നിലവിലുള്ള 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്' (NDPREM) വിപുലീകരിച്ച് വിവിധ വകുപ്പുകളുടെ പദ്ധതികൾ ഇതുമായി ഏകോപിപ്പിക്കുന്നതിനായി എല്ലാ സർക്കാർ വകുപ്പുകളിലും ഓരോ നോഡൽ ഓഫീസറെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- സ്വയം സംരംഭക പദ്ധതികൾക്ക് ബാങ്കുകൾ ലഭ്യമാക്കുന്ന വായ്പകൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 10 % (പരമാവധി 3 ലക്ഷം രൂപ) ക്യാപിറ്റൽ സബ്സിഡി നൽകുന്ന പദ്ധതിയാണ് NDPREM. ആ പദ്ധതിയിൽ അപേക്ഷ സമർപ്പിച്ചവർക്ക് ബാങ്കുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- അഞ്ച് പ്രവാസികൾ ചേർന്ന് ആരംഭിക്കുന്ന സംരംഭങ്ങളെ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ Kerala Entrepreneur Development Mission ലെ പലിശ രഹിത വായ്പ സഹായത്തിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇവരെ കണ്ടെത്തുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

- തിരികെയെത്തിയ പ്രവാസികൾക്ക് ബയോമെട്രിക് കാർഡുകൾ നൽകുന്നതിന് ഒരു പദ്ധതി തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

- ഇതിനു പുറമെ പിന്നാക്ക സമുദായത്തിൽപ്പെട്ട തിരകെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3% പലിശനിരക്കിൽ പരമാവധി 10 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പദ്ധതി പിന്നാക്ക സമുദായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 31/01/2014 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായി ആ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

രൂപീകരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും വായ്പ ലഭ്യമാക്കുന്നതിനും ഇത്തരത്തിൽ ലഭ്യമാക്കുന്ന വായപകൾക്ക് 10% മൂലധന സബ്സിഡി